# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 3097 | 3.4..2013-ൽ മറുപടിയ്ക്ക് |

സിറ്റി കോർപ്പറേഷനുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. പി. കെ. ബഷീർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സിറ്റി കോർപ്പറേഷനുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) ഇന്ത്യൻ ഭരണഘടനയുടെ 243 Q (2) പ്രകാരം ഒരു പ്രദേശത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, ആ പ്രദേശത്ത് നിന്ന് ലഭിക്കുന്ന നികുതി വരുമാനം, അതിലൂടെ ആ പ്രദേത്തിന്റെ ലോക്കൽ അഡ്മിനിസ്ട്രേഷൻ നടപ്പിലാക്കുന്നതിനുള്ള സാധ്യത, മൊത്തം ജനസംഖ്യയുടെ എത്ര ശതമാനം ആളുകൾ കാർഷികേതര മേഖലകളിൽ ജോലി ചെയ്യുന്നുവെന്നതിന്റെ കണക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവർണർക്ക് വിജ്ഞാപനം വഴി ഒരു നഗരപ്രദേശത്തെ ചെറിയ നഗരമെന്നോ വലിയ നഗരപ്രദേശമെന്നോ വിജ്ഞാപനം ചെയ്യാവുന്നതാണ്. കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 4 പ്രകാരം താരതമ്യേന വലിയ നഗരപ്രദേശത്തിന് ഒരു മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) ദേശീയ നിലവാരമനുസരിച്ച് സംസ്ഥാനത്തെ വിവിധ കോർപ്പറേഷനുകൾ ഏതൊക്കെ കാറ്റഗറികളിലാണ് ഉൾപ്പെടുന്നതെന്നും കാറ്റഗറി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡ | (ബി) 10 ലക്ഷത്തിന്മേൽ ജനസംഖ്യയുള്ള നഗരങ്ങളെ മെട്രോ പൊളിറ്റൻ നഗരങ്ങളായി കണക്കാക്കി വരുന്നു. എന്നാൽ കേരളത്തിൽ 10 ലക്ഷത്തിന്മേൽ ജനസംഖ്യയുള്ള കോർപ്പറേഷൻ നിലവിലില്ല. |

| | | | |
|---|---|---|---|
| | ങ്ങളെന്തെന്നും വിശദമാക്കുമോ; | | |
| (സി) | പ്രധാന സിറ്റി കോർപ്പറേഷനുകളെ വൻകിട കോർപ്പറേഷനുകളുടെ നിലവാരത്തിലേയ്ക്കുയർത്താൻ നിലവിലുള്ള തടസ്സങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ഇതിലേക്കായി സമഗ്രമായ ആസൂത്രണവും അടിസ്ഥാനസൗകര്യവികസനവും ആവശ്യമാണ് |

സെക്ഷൻ ഓഫീസർ